**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2901 17.10.2016 - ൽ മറുപടിയ്ക്ക്

**കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സ്ത്രീശാക്തീകരണ പദ്ധതികൾ**

ചോദ്യം
ഡോ.എം.കെ.മുനീർ

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്ത്രീശാക്തീകരണ പദ്ധതികൾ നടപ്പിലാക്കാൻ കേരള സാമൂഹ്യ സുരക്ഷാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സർക്കാർ ഉത്തരവ് പ്രകാരമെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ജി.ഒ.(എം.എസ്) നമ്പർ 38/2016/റ്റി.ഡി തീയതി 19.2.2016. |
| (ബി) | പ്രസ്തുത ഉത്തരവിൽ ഏതെല്ലാം മേഖലകളിലാണ് പദ്ധതികൾ ആവിഷ്കരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്; | (ബി) | സ്ത്രീശക്തി പദ്ധതി പ്രകാരം സ്ത്രീകളുടെ ഉന്നമനത്തിനും വിദ്യാഭ്യാസത്തിനും ആരോഗ്യ സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കുവാനാണ് ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.<br>1. തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിനുള്ള പദ്ധതികൾ<br>2. അതിക്രമത്തിനും ചൂഷണത്തിനും വിധേയരാകുന്ന സ്ത്രീകളുടെയും പെൺകുട്ടികളുടെയും പുനരധിവാസത്തിനുള്ള പദ്ധതികൾ<br>3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എന്നാൽ പഠനത്തിൽ മികച്ച വിജയം നേടിയ പെൺകുട്ടികൾക്ക് ഉന്നത |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ<br>4. ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കുമായുള്ള പുനരധിവാസ പദ്ധതികൾ<br>5. സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികളുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ<br>6. 60 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങളായ സ്ത്രീകൾക്ക് വേണ്ടിയുള്ള പദ്ധതികൾ<br>7. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതികൾ<br>8. വിധവകളായ സ്ത്രീകൾക്ക് പുനരധിവാസത്തിനുള്ള പദ്ധതികൾ |
| (സി) | സാമൂഹ്യ സുരക്ഷാ മിഷൻ ഇതുവരെ സ്ത്രീശാക്തീകരണത്തിനായി ആസൂത്രണം ചെയ്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാന ലോട്ടറി വകുപ്പ് സ്ത്രീശക്തി ലോട്ടറിയുടെ 17 നറുക്കെടുപ്പ് ഈ സാമ്പത്തിക വർഷം നടത്തി. ഇതിൽ നിന്നും കിട്ടുന്ന ലാഭം 'പ്ലാൻ ഫണ്ട്' മുഖേന നിരവധി പദ്ധതികൾക്ക് ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ഓരോ വിഭാഗങ്ങളിൽപ്പെട്ട പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് വിദഗ്ദ്ധരായവരെ പങ്കെടുപ്പിച്ചുകൊണ്ട് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ ശിൽപശാലകൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ